# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5268 – 01/07/2019 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ ധനക്കമ്മി പരിധി നിരക്ക്

ചോദ്യം

ഉത്തരം

ശ്രീമതി ഇ.എസ്.ബിജിമോൾ
,, ഗീതാ ഗോപി
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
,, വി.ആർ. സുനിൽ കുമാർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ധന ഉത്തരവാദിത്ത നിയമപ്രകാരം സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും ധനക്കമ്മി പരിധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | 2018 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമായി നിലനിർത്തേണ്ടതാണ്. 2018 ലെ FRBM (ഭേദഗതി) ചട്ടപ്രകാരം, 2018-19 മുതൽ ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനത്തോടെ കേന്ദ്ര സർക്കാർ രാജ്യത്തിന്റെ ജി.ഡി.പിയുടെ 0.1 ശതമാനത്തിനു തുല്യമോ അതിൽ കൂടുതലോ ആയ തുക ധനകമ്മിയിൽ കുറവ് ചെയ്യേണ്ടതും 2021 മാർച്ച് അവസാനത്തോടു കൂടി ധനകമ്മി കുറച്ചു കൊണ്ട് ജി.ഡി.പിയുടെ 3 ശതമാനത്തിൽ കൂടാതെ നിലനിർത്തേണ്ടതുമാണ്. |
| (ബി) | സംസ്ഥാനത്തിന്റെ ധനക്കമ്മി പരിധി സംബന്ധിച്ച നിരക്ക് കുറയ്ക്കണമെന്ന കേന്ദ്ര സമീപനം ന്യായമാണോയെന്ന് വ്യക്തമാക്കുമോ ; | 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് ഭേദഗതി ചെയ്യുകയും ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. ഇപ്രകാരം സംസ്ഥാനത്തിന്റെ ധനകമ്മി 3 ശതമാനമായി നിലനിറുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്ന കടമെടുപ്പ് പരിധിയിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത നിരക്ക് താഴ്ത്തുന്നത് കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ |
| (സി) | പ്രസ്തുത നിരക്ക് താഴ്ത്തുന്നത് സംസ്ഥാനത്തിന്റെ കടമെടുപ്പ് അവകാശം കുറയ്ക്കുന്നതിനാണോയെന്നും ആയത് സംസ്ഥാനത്തിന്റെ ധന ആവശ്യങ്ങളെ ഏത് തരത്തിൽ ബാധിക്കുമെന്നും വ്യക്തമാക്കുമോ ; | |

<table>
<tr><td></td><td></td><td>സാരമായി ബാധിക്കും.</td></tr>
<tr><td>(ഡി)</td><td>ആഭ്യന്തര മൊത്ത ഉല്പാദനത്തിന്റെ എത്ര ശതമാനം വരെ കടം, പലിശബാധ്യത എന്നിവ ആകാമെന്നാണ് ധനകാര്യ കമ്മീഷൻ വ്യക്തമാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;</td><td>14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ചുള്ള കടബാധ്യത/ജി.എസ്.ഡി.പി അനുപാതവും ലക്ഷ്യവും പലിശയടവ്/റവന്യൂ വരുമാന അനുപാത ലക്ഷ്യവും ചുവടെ ചേർക്കുന്നു.<br>(ശതമാനത്തിൽ)
<table>
<tr><th>ഇനം</th><th>2015-16</th><th>2016-17</th><th>2017-18</th><th>2018-19</th><th>2019-20</th></tr>
<tr><td>കടബാധ്യത/ ജി.എസ്.ഡി.പി അനുപാതവും ലക്ഷ്യം</td><td>31.34</td><td>30.84</td><td>30.40</td><td>30.01</td><td>29.67</td></tr>
<tr><td>പലിശയടവ് /റവന്യൂ വരുമാന അനുപാത ലക്ഷ്യം</td><td>15.70</td><td>15.01</td><td>14.37</td><td>13.78</td><td>13.23</td></tr>
</table>
</td></tr>
<tr><td>(ഇ)</td><td>സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക നിലയും കടം, പലിശബാധ്യത എന്നിവയുടെ നിരക്കും വ്യക്തമാക്കുമോ ;</td><td>സംസ്ഥാനത്തിന്റെ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ റവന്യൂ കമ്മി/ജി.എസ്.ഡി.പി, ധനകമ്മി/ജി.എസ്.ഡി.പി, കടബാധ്യത/ ജി.എസ്.ഡി.പി, പലിശയടവ്/റവന്യൂ വരുമാനം, സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(ശതമാനത്തിൽ)
<table>
<tr><th>ഇനം</th><th>2017-18</th><th>2018-19 (RE)</th></tr>
<tr><td>റവന്യൂ കമ്മി/ ജി.എസ്.ഡി.പി</td><td>2.46</td><td>1.68</td></tr>
<tr><td>ധനകമ്മി/ ജി.എസ്.ഡി.പി</td><td>3.91</td><td>3.06</td></tr>
<tr><td>കടബാധ്യത/ ജി.എസ്.ഡി.പി</td><td>30.69</td><td>30.49</td></tr>
<tr><td>പലിശയടവ്/റവന്യൂ വരുമാനം</td><td>18.21</td><td>15.63</td></tr>
</table>
</td></tr>
<tr><td>(എഫ്)</td><td>പ്രളയാനന്തര കേരളത്തിന്റെ സ്ഥിതി പരിഗണിച്ച് വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സമീപനം അറിയിക്കുമോ?</td><td>പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല. 21/06/2019 ൽ കേന്ദ്ര ബജറ്റിന് മുന്നോടിയായി നടത്തിയ മീറ്റിങ്ങിൽ കേന്ദ്ര ധനകാര്യ മന്ത്രിക്ക് സംസ്ഥാന</td></tr>
</table>

| | | |
|---|---|---|
| | | ധനകാര്യ മന്ത്രി സമർപ്പിച്ച നിവേദനത്തിൽ പ്രളയാനന്തര പുനർ നിർമ്മാണത്തിനായി ലോക ബാങ്ക്, ADB, KfW തുടങ്ങിവയിൽ നിന്നും എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പപരിധിയ്ക്ക് പുറമേ പരിഗണിക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3.5% ആയി ഉയർത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**